Acd.I/7760/2021

"ഭരണഭാഷ-മാതൃഭാഷ"

അതിദാരിദ്ര്യനിർണ്ണയ സെൽ

നം. 8570/ഇപിഐപി.1/2021/സിആർഡി

ഗ്രാമവികസന കമ്മീഷണറേറ്റ്
സ്വരാജ് ഭവൻ, നന്തൻകോട്,
കവടിയാർ.പി.ഒ
തിരുവനന്തപുരം-03
തീയതി :. 22.11.2021

23/11/2021

സ്റ്റേറ്റ് നോഡൽ ഓഫീസർ

ബഹു. വൈസ് ചാൻസിലർ
കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് & ഓഷ്യൻ സയൻസ്

23/11/2021
To All Deans to inform all students
23/11/21

VICE CHANCELLOR

സർ,

വിഷയം:- തസ്വഭവ വകുപ്പ്-അതിതീവ്ര ദാരിദ്ര്യ നിർണ്ണയ പ്രക്രിയ-കോളേജ് വിദ്യാർത്ഥികളുടെ സന്നദ്ധ സേവനം - സംബന്ധിച്ച്.

************

അഞ്ചു വർഷം കൊണ്ട് സംസ്ഥാനത്ത് അതിതീവ്ര ദാരിദ്ര്യം ഇല്ലാതാക്കുക എന്ന ഉദ്ദേശത്തോടുകൂടി കേരള സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയുടെ ഭാഗമായി അതിദരിദ്രരെ കണ്ടെത്തുന്ന ഒരു പ്രക്രിയ കേരളത്തിൽ നടക്കുകയാണ്. അതിദരിദ്രരെ കണ്ടെത്തി അവർക്കു തീവ്ര ദാരിദ്ര്യത്തിൽ നിന്ന് പുറത്തുവരാനുള്ള സഹായവും പദ്ധതികളും മൈക്രോ പ്ലാനിലൂടെ നടപ്പിലാക്കുക എന്നതാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം.

സംസ്ഥാനത്തെ തദ്ദേശസ്വയഭരണ സ്ഥാപനങ്ങളിലെ വാർഡുകളിലും ഗ്രാമസഭ കളിലും പൂർണ്ണമായ സാമൂഹിക പങ്കാളിത്തത്തോടെ നടക്കുന്ന പ്രക്രിയ വഴി തയ്യാറാക്കുന്ന ലിസ്റ്റുകൾ ബൃഹത്തായ ഒരു എന്യൂമറേഷനു വിധേയമാക്കി കൊണ്ടാണ് അതിതീവ്ര ദരിദ്രരുടെ പട്ടിക തയ്യാറാക്കേണ്ടത്. ഈ പ്രക്രിയയിൽ പങ്കെടുക്കുന്നതിന് സേവന സന്നദ്ധതയും അർപ്പണ മനോഭാവമുള്ള അറുപതിനായിരത്തോളം സന്നദ്ധ പ്രവർത്തകരെ സംസ്ഥാനത്തിന് ആവശ്യമുണ്ട്.

കേരള സംസ്ഥാന സാമൂഹ്യ സന്നദ്ധസേന ഡയറക്ടറേറ്റ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്ന സന്നദ്ധ പ്രവർത്തകരെയാണ് ഈ പരിപാടിയിലേക്ക് കൊണ്ടുവരുന്നത്. സഹകരിക്കാൻ സന്നദ്ധതയുള്ള ഒരു വലിയ വിഭാഗം വിദ്യാർത്ഥികളുടെ ഇടയിൽ ഉണ്ട് എന്ന് മനസ്സിലാക്കുന്നു. അതിനാൽ യൂണിവേഴ്സിറ്റിയുടെ വിവിധ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ, ഈ പദ്ധതിയിൽ പങ്കെടുക്കാൻ സന്നദ്ധതയുള്ള വിദ്യാർത്ഥികളെ സാമൂഹ്യ സന്നദ്ധസേന ഡയറക്ടറേറ്റ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള ഒരു നിർദ്ദേശം എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും കോളേജുകളിലേക്കും നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

പോർട്ടലിന്റെ URL; www.sannadhasena.kerala.gov.in

വിശ്വസ്തതയോടെ

വി.എസ്.സന്തോഷ് കുമാർ
അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ &
സ്റ്റേറ്റ് നോഡൽ ഓഫീസർ